**No. CEE/4383/2014/KEAM-2015/TA1**

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# പത്രക്കുറിപ്പ്

## 2015– ലെ കേരളാ മെഡിക്കൽ/എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോഴ്സുകളിലെ 15% കമ്മ്യൂണിറ്റി / രജിസ്റ്റേർഡ് സൊസൈറ്റി / രജിസ്റ്റേർഡ് ട്രസ്റ്റ് ക്വാട്ടാ സീറ്റുകളിലേയ്ക്കുള്ള പ്രവേശനം അപേക്ഷകരുടെ പട്ടിക പ്രസിദ്ധീകരിച്ചു.

കേരളത്തിലെ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിലും, കേരളാ ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷനു കീഴിൽ വരുന്ന മെഡിക്കൽ/ഡെന്റൽ കോളേജുകളിലും നിലവിലുള്ള 15% കമ്മ്യൂണിറ്റി/രജിസ്റ്റേർഡ് ട്രസ്റ്റ്/ രജിസ്റ്റേർഡ് സൊസൈറ്റി ക്വാട്ടാ സീറ്റുകളിലേയ്ക്കുള്ള പ്രവേശനത്തിനായി അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ കോളേജ്/കമ്മ്യൂണിറ്റി തിരിച്ചുള്ള ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷനു കീഴിൽ വരുന്ന മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ കമ്മ്യൂണിറ്റി ക്വോട്ടാ സീറ്റുകളിലേയ്ക്കുള്ള അപേക്ഷകരുടെ ലിസ്റ്റ്, റവന്യൂ അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ലിസ്റ്റ്, കോളേജ് അധികാരികൾ ഓൺലൈനായി സമർപ്പിച്ച അപേക്ഷകരുടെ ലിസ്റ്റ് എന്നിവ വെവ്വേറെ മേൽ വെബ്സൈറ്റിൽ ലഭ്യമാണ്. ലിസ്റ്റുകൾ സംബന്ധമായി എന്തെങ്കിലും പരാതികൾ ഉള്ള പക്ഷം ആവശ്യമായ തെളിവുകൾ സഹിതം **07.07.2015 വൈകുന്നേരം 5 മണിയ്ക്കു** മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കണം. വൈകി ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
04.07.2015